കേരള സർക്കാർ

സംഗ്രഹം

സഹകരണവകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത 01.01.2017 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (സി) വകുപ്പ്

സ.ഉ.(സാധാ) നം.326/2017/സഹ. തീയതി, തിരുവനന്തപുരം,23.06.2017

---

പരാമർശം:- 1) 07.03.2017- ലെ സ.ഉ.(സാധാ) നം. 117/2017/സഹ നമ്പർ ഉത്തരവ്.

2) സഹകരണ സംഘം രജിസ്ട്രാരുടെ 06.03.2017, 26.04.2017, 04.05.2017 എന്നീ തീയതികളിലെ ഇ.എം(4) 43756/2016 നമ്പർ കത്തുകൾ

3) സഹകരണ എംപ്ലോയീസ് ഓർഗനൈസേഷന്റെ 26.04.2017-ലെ നിവേദനം.

## ഉത്തരവ്

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ/സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത 01.01.2017 തീയതിയുടെ പ്രാബല്യത്തിൽ വർദ്ധിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2) 01.01.2017 മുതൽ അർഹതപ്പെട്ട ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുമ്പോൾ All India Consumer Price Index for Industrial Workers (AICPI) പ്രകാരമുള്ള നിരക്കുകൾ ഉൾപ്പെടുത്തി സഹകരണ സംഘം രജിസ്ട്രാർ ശുപാർശ സമർപ്പിക്കേണ്ടതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സഹകരണ സംഘം രജിസ്ട്രാരുടെ പരാമർശം (2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇളു സംബന്ധിച്ച് വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ AICPI മാനദണ്ഡപ്രകാരം ഉള്ള നിരക്കിൽ ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി തീരുമാനം കൈക്കൊള്ളുന്നതിന് സാവകാശം വേണ്ടി വരുമെന്ന് ബോധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ക്ഷാമബത്ത 01.01.2017 മുതൽ പ്രാബല്യത്തിൽ ചുവടെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്</u>

| പ്രാബല്യത്തീയതി | 01.07.2016 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.01.2017 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.01.2017 | 105% | 2% | 107% |

പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ലാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്

| പ്രാബല്യത്തീയതി | 01.07.2016 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.01.2017 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.01.2017 | 187% | 2% | 189% |

മേൽ പരാമർശിച്ചിട്ടുള്ള രണ്ട് ശമ്പളപരിഷ്കരണവും നടപ്പിലാക്കിയിട്ടില്ലാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്

| പ്രാബല്യത്തീയതി | 01.07.2016 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.01.2017 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ച ക്ഷാമബത്ത |
|---|---|---|---|
| 01.01.2017 | 256% | 2% | 258% |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി. എസ്. രാജേഷ്,
അഡീഷണൽ സെക്രട്ടറി.

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
   (ആമുഖ കത്ത് സഹിതം - വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ടി)
2. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും ജനറൽ മാനേജർമാർക്ക്.
6. സഹകരണ (എ, ബി, പി.എസ്) വകുപ്പുകൾ.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ